**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **11-10-2024 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകുമോ; | (എ) | കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്ചറൽ / സിന്തറ്റിക് ടർഫ്, ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റനസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി മുതലായ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട പദ്ധതികളും, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികളും കായികയുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | കായിക വകുപ്പിന് കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമായുള്ള കേന്ദ്രം എന്ന നിലയിൽ നിർമ്മിക്കുന്ന കായികഭവന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണ്; ഇത് കായിക മേഖലയ്ക്ക് എത്രത്തോളം സഹായകമാണ്; വിശദമാക്കുമോ; | (ബി) | കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതുവഴി ഭരണതലത്തിൽ മെച്ചപ്പെട്ട ഏകോപനവും വർദ്ധിത വേഗവും കൈവരിക്കുന്നതിനായി 'കായിക ഭവൻ' എന്ന പേരിൽ കായിക ആസ്ഥാനമന്ദിരം പണികഴിക്കുന്നതിനു സർക്കാർ തീരുമാനിച്ചിരുന്നു. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രവൃത്തി 12% പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിയായ 07.02.2025-ന് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ | (സി) | ഉണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച് അതത് സാമ്പത്തിക വർഷം ജനറൽ ബോഡി യോഗം ചേരുകയും |

| | | | |
|---|---|---|---|
| | നവീകരിക്കുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആരംഭിക്കുമോ? | | ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് സ്റ്റേറ്റ്മെന്റും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുകയും ആയത് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വാർഷിക ജനറൽ ബോഡി യോഗം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട് .<br><br>സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഡിറ്റ് വിഭാഗം ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അതത് സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ പരിശോധിക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിനെ അറിയിക്കുകയും ആയത് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവ്വചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവല്കരിച്ച വിഷൻ 2033 - ൽ നിർവ്വചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023 ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. കായിക യുവജനകാര്യാലയത്തിൻറെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിൻറെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനിക വത്കരണം, വിവിധ യൂണിവേഴ്സിറ്റികളുടെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, ഖേലോ ഇന്ത്യ പദ്ധതികൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നത്.

### പ്ലാൻ ഫണ്ട്

സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്.

### കിഫ്ബി പദ്ധതി

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടിരൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ എസ്.പി.വി.യായ കിറ്റ്കോ മുഖാന്തിരം ഇതിൽ 18 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 11 പദ്ധതികൾ പുരോഗമിച്ചു വരികയാണ്. 630.51 കോടി രൂപ അടങ്കൽ വരുന്ന 27 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വി.യായ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള

ഫൗണ്ടേഷനെ ഏല്പിച്ചു. അതിൽ 14 പ്രവൃത്തികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 5 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും നിലവിൽ 3 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ആയതിൽ 2 പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**<u>ഒരു പഞ്ചായത്ത് ഒരു കളിക്കളം</u>**

ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിൻറെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ഈ സർക്കാർ വികസിപ്പിച്ചെടുത്ത ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് 19.09.2024 ലെ സ.ഉ (സാധാ)നം.232/2024/കാ.യു.വ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗീകാരം നൽകി. ഇതിൻ പ്രകാരം സർക്കാരിന്റെ സമഗ്രഭരണാനുമതി ലഭ്യമായിരുന്ന 124 കളിക്കളങ്ങളിൽ 3 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 49 കളിക്കളങ്ങളിൽ 45 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്രഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 43 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 42 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഇതിൽ 26 പ്രവൃത്തികൾക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും, 17 പ്രവൃത്തികൾ വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്.

**<u>ഖേലോ  ഇന്ത്യ പദ്ധതി</u>**

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യവികസനം, കമ്മ്യൂണിറ്റി കോച്ചിംഗിൻറെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാഡമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ കായികക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ കേരളത്തിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 7 കോടി രൂപ ചെലവിൽ തൃശ്ശൂർ കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും, 7 കോടി രൂപ ചെലവിൽ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 2023-24 ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 6 പദ്ധതികളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും 08.04.2024 ന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും, 18.07.2024 ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും ശ്രീ. മോഹനൻ. എൻ.വി. എന്ന കരാറുകാരനുമായി 29.08.2024 ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഉടൻ നടത്തുന്നതാണ്.

**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ</u>**

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 16 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരെണ്ണത്തിന്റെ പ്രവൃത്തി നടന്നുവരികയുമാണ്.

**<u>ഓപ്പൺ ജിം</u>**

1. ടൂറിസം വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 148 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സിവിൽ

പ്രവൃത്തികൾ നടന്നുവരുന്നു.

2. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെൻറർ, മൂലയ്ക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 28 ലക്ഷം രൂപയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികളും, 20 ലക്ഷം രൂപയുടെ ജിം ഉപകരണങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ സിവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

3. തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവർത്തിക്കായി ബഹു. എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിൽ ചാലിശ്ശേരി പഞ്ചായത്തിലെ ഓപ്പൺ ജിം പൂർത്തീകരിക്കുകയും ബാക്കി 3 പഞ്ചായത്തുകളിലേയും ഓപ്പൺ ജിം പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 2**

കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതുവഴി ഭരണതലത്തിൽ മെച്ചപ്പെട്ട ഏകോപനവും വർദ്ധിത വേഗവും കൈവരിക്കുന്നതിനായി 'കായിക ഭവൻ' എന്ന പേരിൽ കായിക ആസ്ഥാനമന്ദിരം പണികഴിക്കുന്നതിനു സർക്കാർ തീരുമാനിച്ചിരുന്നു. നിലവിൽ പദ്ധതി 2 ഘട്ടമായി G+6 നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഗ്രൗണ്ട് ഫ്ലോർ - 6546 ചതുരശ്ര അടി

ഒന്നാം നില - 6516 ചതുരശ്ര അടി

രണ്ടാം നില - 6516 ചതുരശ്ര അടി

എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. ടി പദ്ധതിയുടെ നിർമ്മാണത്തിനായി ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഫൗണ്ടേഷൻ പ്രവൃത്തിയുടെ ഭാഗമായ പൈൽ ചിപ്പിംഗിന്റെ പ്രവൃത്തിയും, പൈൽ ക്യാപ്പ് പ്രവൃത്തിയുമാണ് ഇപ്പോൾ നടന്നു വരുന്നത്. നിലവിൽ മൊത്തം പ്രവൃത്തിയുടെ 12% പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിയായ 07.02.2025-ന് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**